"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആശ്രിത നിയമന പദ്ധതി- കണ്ണൂർ ജില്ലയിലെ എരമം- കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ മരണമടഞ്ഞ എം . മോഹനൻ എന്നവരുടെ ഭാര്യയും ആശ്രിതയുമായ ശ്രീമതി . ചന്ദ്രിക . പി . പി - കണ്ണൂർ ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.57/2022/LSGD തീയതി,തിരുവനന്തപുരം, 14-03-2022

പരാമർശം:-

1. ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/05/1999.
2. സ.ഉ.(കൈ) നം.122/2020/തസ്വഭവ തീയതി 18/08/2020.
3. ശ്രീമതി. ചന്ദ്രിക . പി . പി യുടെ13.12.2017,23.11.2020 എന്നീ തീയതികളിലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 08/06/2018ലെ ഇ14-3300/18 ,02/02/2021- ലെ PAN/8238/2020-E14(DP) നം. കത്ത്.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 18.10.2021-ലെ DCKNR/3742/2021-A5 നം.കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ എരമം- കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ മരണമടഞ്ഞ എം . മോഹനന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി . ചന്ദ്രിക പി . പി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം ( 3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

2. കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് - ടൈം പൗണ്ട് കീപ്പർ ആയിരിക്കേ 27.04.2014 ലാണ് എം. മോഹനൻ നിര്യാതനാവുന്നത്. ടിയാന് 0 6 വർഷം 11 മാസം 4 ദിവസ സേവനകാലമുണ്ട്. അപേക്ഷകയായ ശ്രീമതി. ചന്ദ്രിക പി. പി. പരേതന്റെ ഭാര്യയാണ്. ടിയാരി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം പരാമർശം (2 ) പ്രകാരം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപേക്ഷകയുടെ ജനനതീയതി 01.06.1962 ആണ്. അപേക്ഷകയ്ക്ക് 59 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക ഒൻപതാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കണ്ണൂർ ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ എം. മോഹനന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ

യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ കുടുംബവാർഷിക വരുമാനം 47,064/ - രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ എരമം- കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ മരണമടഞ്ഞ എം. മോഹനന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. ചന്ദ്രിക പി. പി. യുടെ (മീത്തലെ പറയിൽ, ചിതപ്പിലെപൊയിൽ പരിയാരം, കണ്ണൂർ-670 502.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1)(2) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ കണ്ണൂർ ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ എം . മോഹന ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ , യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാരിയെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

ശ്രീമതി. ചന്ദ്രിക പി. പി. (മീത്തലെ പറയിൽ, ചിതപ്പിലെപൊയിൽ പരിയാരം, കണ്ണൂർ-670 502)
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.( അനുബന്ധ രേഖകൾ സഹിതം മടക്കുന്നു).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, എരമം- കുറ്റൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ3/215/18/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Danujelll

സെക്ഷൻ ഓഫീസർ